പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1202. 13/06/2013 -ൽ മറുപടിക്ക്

**സബ്‌രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ലൂഡി ലൂയിസ്<br>,, പി. സി. വിഷ്ണുനാഥ്<br>,, അൻവർ സാദത്ത് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ്‌രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുക, വ്യാജ മുദ്രപ്പത്രങ്ങൾ തടയുക, പൊതുജനങ്ങൾക്ക് വിവിധതരം സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, എല്ലാ സേവനങ്ങൾക്കും ഏകജാലക സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് കമ്പ്യൂട്ടറൈസേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | സി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്), കെൽട്രോൺ എന്നീ സർക്കാർ ഏജൻസികളാണ് പ്രധാനമായും ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |
| ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) 1. ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുന്നതിനുവേണ്ടി, സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലേക്ക് |

മാറ്റുന്നതിനുള്ള പദ്ധതിയുടെ പരീക്ഷണ പരിപാടികൾക്ക് 12 സബ് രജിസ്ട്രാർ ഓഫീസുകളിൽ തുടക്കം കുറിച്ചു.

2. വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

3. സബ് രജിസ്ട്രാർ ഓഫീസുകളിൽ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

4. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി, 1980 മുതൽ നാളിതുവരെയുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള ഡേറ്റാ എൻട്രി ജോലികൾ നടന്നുവരുന്നു.

5. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും തമ്മിൽ ബന്ധപ്പെടുത്തി നെറ്റ്‌വർക്ക് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ.